## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3944 — 20.07.15 ൽ - മറുപടിക്ക്

# നിലവിലെ റേഷൻ കാർഡുകളുടെ കണക്ക്

**ചോദ്യം**

ശ്രീമതി കെ.എസ്. സലീഖ :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ട്;അതിൽ എ.പി.എൽ. എത്ര; ബി.പി.എൽ. എത്ര; എ.എ.വൈ.എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ)

| Sl No | District | APL | BPL | AAY | Total |
|---|---|---|---|---|---|
| 1 | TVM | 691094 | 160710 | 62809 | 914613 |
| 2 | KLM | 507278 | 156669 | 51131 | 715078 |
| 3 | PTA | 252423 | 56679 | 26016 | 335118 |
| 4 | ALP | 397631 | 130893 | 41867 | 570391 |
| 5 | KTM | 373062 | 94743 | 34175 | 501980 |
| 6 | IDK | 201464 | 61514 | 32178 | 295156 |
| 7 | EKM | 682892 | 99718 | 38332 | 820942 |
| 8 | TSR | 577966 | 171199 | 56519 | 805684 |
| 9 | PKD | 554993 | 99512 | 46923 | 701428 |
| 10 | MLP | 657243 | 141263 | 53262 | 851768 |
| 11 | KKD | 543418 | 132022 | 41722 | 717162 |
| 12 | WND | 130090 | 33285 | 40834 | 204209 |
| 13 | KNR | 457532 | 89454 | 35546 | 582532 |
| 14 | KSD | 215148 | 59104 | 20622 | 294874 |
| | **Total** | **6242234** | **1486765** | **581936** | **8310935** |

(ബി) ഈ സർക്കാർ വന്നതിനു ശേഷം എത്ര എ.പി.എൽ കാർഡുകൾ ബി.പി.എൽ ആക്കിയിട്ടുണ്ട്; എത്ര ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഉത്തരം ചുവടെ ചേർക്കുന്നു.

| Sl No | District | APL to BPL | BPL to APL |
|---|---|---|---|
| 1 | TVM | 9009 | 9009 |
| 2 | KLM | 5924 | 5616 |
| 3 | PTA | 1449 | 3314 |
| 4 | ALP | 4143 | 5167 |
| 5 | KTM | 1557 | 4279 |
| 6 | IDK | 2815 | 1226 |
| 7 | EKM | 4989 | 4886 |
| 8 | TSR | 16545 | 2458 |
| 9 | PKD | 8438 | 4151 |
| 10 | MLP | 6405 | 8606 |
| 11 | KKD | 11583 | 5532 |
| 12 | WND | 11287 | 1892 |
| 13 | KNR | 4380 | 4463 |
| 14 | KSD | 4175 | 1941 |
| | **Total** | **92699** | **62540** |

(സി) സംസ്ഥാനത്തെ ജീവനക്കാരിൽ (കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ) എത്ര പേർക്ക് ഇപ്പോൾ ബി.പി.എൽ. കാർഡുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ കൈവശമുളള ബി.പി.എൽ. റേഷൻകാർഡുകൾ തിരിച്ചു നൽകി എ.പി.എൽ. കാർഡുകളാക്കി മാറ്റണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടും അപ്രകാരം ചെയ്യാത്തവരുടെ കാർഡുകൾ കണ്ടുകെട്ടി റദ്ദാക്കുകയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന മുന്നറിയിപ്പുകൾ നൽകിയും ബ്രഹത്തായ ഒരു പ്രചാരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം കാർഡുകൾ തിരിച്ചേൽപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാർ ആരും തന്നെ ഇപ്പോൾ ബി.പി.എൽ. കാർഡുകൾ കൈവശം വച്ചിട്ടില്ല എന്നാണ് സർക്കാർ കണക്കാക്കുന്നത്.

(ഡി) സർക്കാരിന്റെ നിർദ്ദേശം പാലിച്ച് ബി.പി.എൽ. കാർഡുകൾ എ.പി.എൽ. കാർഡുകളാക്കി മാറ്റിയ എത്ര കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ ജീവനക്കാരുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഉത്തരം ചുവടെ ചേർക്കുന്നു.

| Sl No | District | No. of Cards |
|---|---|---|
| 1 | TVM | 2290 |
| 2 | KLM | 3789 |
| 3 | PTA | 1618 |
| 4 | ALP | 2417 |
| 5 | KTM | 2011 |
| 6 | IDK | 808 |
| 7 | EKM | 1805 |
| 8 | TSR | 2040 |
| 9 | PKD | 2138 |
| 10 | MLP | 724 |
| 11 | KKD | 5532 |
| 12 | WND | 936 |
| 13 | KNR | 706 |
| 14 | KSD | 1135 |
| | **Total** | **27949** |

(ഇ) എ.പി.എൽ. കാർഡുകൾക്കും ബി.പി.എൽ കാർഡുകൾക്കും നൽകാനായി ഓരോ മാസവും കേന്ദ്രസർക്കാർ അരി ഉൾപ്പെടെ എന്തെല്ലാം ഭക്ഷ്യോല്പന്നങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) അരി, ഗോതമ്പ്, പഞ്ചസാര, ആട്ട

(എഫ്) എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കാനും ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കാനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എഫ്) താഴെ പറയുന്ന വിഭാഗങ്ങളെ ബി.പി.എൽ.-ൽ നിന്നും ഒഴിവാക്കുന്നതാണ്.

- സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ
- ആദായ നികുതി ഒടുക്കുന്നവർ
- സ്വന്തമായി ഒരേക്കറിനു മേൽ ഭൂമിയുള്ളവർ
- സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ
- നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ

മേൽ പറഞ്ഞ വിഭാഗങ്ങൾ ഒഴിവായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവർ ബി.പി.എൽ.പട്ടികയിൽ ഉൾപ്പെടുന്നതുമാണ്.

- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
- മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
- ഓട്ടിസം ബാധിച്ചവർ
- ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
- എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും
- പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും.

*സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.( കൈ)നം. 112/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 27/04/2012

---

പരാമർശം:- സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 4/01/2011.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് പുറമേ താഴെ പറയുന്ന പ്രകാരം എപിഎൽ, ബിപിഎൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

ബി.പി.എൽ. പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്:-

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
ബി) ആദായനികുതി ഒടുക്കുന്നവർ
സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

മേൽ പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്:-

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
ബി) മാനസികവും ശാരീരികമായും വൈകല്യമുള്ളവർ
സി) 'ഓട്ടിസം' ബാധിച്ചവർ
ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

ഇ) എയ്ഡ്സ്, കാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും

എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   ( ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം , തീയതി പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്